**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 241** **07-06-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് വാക്സിനേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | **Smt Veena George**<br>(ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ,കോവിഡ് വാക്സിനേഷൻ എത്ര ശതമാനം ആളുകൾക്ക് നൽകി എന്നത് സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത്, കോവിഡ് വാക്സിനേഷൻ എത്ര ശതമാനം ആളുകൾക്ക് നൽകി എന്നത് സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്ക് ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഓരോ ജില്ലയ്ക്കും വാക്സിനുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വെളിപ്പെടുത്തുമോ; ജനസംഖ്യാനുപാതികമായി വാക്സിനുകൾ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ; | (ബി) | ജില്ലകളിലെ ജനസംഖ്യ, വാക്സിന്റെ ഉപയോഗം, ജില്ലകളിലെ നിലവിലുള്ള വാക്സിൻ സ്റ്റോക്ക് എന്നിവയെ അടിസ്ഥാനമാക്കിയാണ് വാക്സിൻ ജില്ലകളിലേയ്ക്ക് വിതരണം ചെയ്യുന്നത്. കേന്ദ്രസർക്കാർ വാക്സിൻ കേരളത്തിലേയ്ക്ക് നൽകുന്നത് ജില്ലാ വാക്സിൻ സ്റ്റോർ, ആശുപത്രികൾ, പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ, സാമൂഹികാരോഗ്യകേന്ദ്രങ്ങൾ ഉൾപ്പെടെ കേരളത്തിലെ നിലവിലുള്ള വാക്സിൻ സ്റ്റോക്ക് കൂടി പരിഗണിച്ചിട്ടാണ്. മലപ്പുറം ജില്ലയിലേയ്ക്ക് ആദ്യഘട്ടങ്ങളിൽ ജനുവരി 2021 മാസത്തിൽ 53870 ഓളം വാക്സിൻ അനുവദിച്ച് കിട്ടിയിരുന്നെങ്കിലും അന്ന് 9403 എണ്ണം വാക്സിൻ (17 %) മാത്രമേ ഉപയോഗപ്പെടുത്താൻ സാധിച്ചിട്ടുള്ളൂ. എന്നാൽ ഈ സ്ഥിതി മാറുകയും വാക്സിൻ കൂടുതലായി അനുവദിക്കുകയും മറ്റ ജില്ലകളെ പോലെ കൂടുതൽ പേർക്ക് വാക്സിനേഷൻ നൽകി വരികയും ചെയ്യുന്നുണ്ട്. |
| (സി) | സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള മലപ്പുറം ജില്ലയിൽ താരതമ്യേന ഏറ്റവും കുറഞ്ഞ നിരക്കിലാണ് വാക്സിൻ നൽകിയിട്ടുള്ളതെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ? | (സി) | ജില്ലകളിലെ ജനസംഖ്യ, വാക്സിന്റെ ഉപയോഗം, ജില്ലകളിലെ നിലവിലുള്ള വാക്സിൻ സ്റ്റോക്ക് എന്നിവയെ അടിസ്ഥാനമാക്കിയാണ് വാക്സിൻ ജില്ലകളിലേയ്ക്ക് വിതരണം ചെയ്യുന്നത്. കേന്ദ്രസർക്കാർ വാക്സിൻ കേരളത്തിലേയ്ക്ക് നൽകുന്നത് ജില്ലാ വാക്സിൻ സ്റ്റോർ, ആശുപത്രികൾ, പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ, സാമൂഹികാരോഗ്യകേന്ദ്രങ്ങൾ ഉൾപ്പെടെ കേരളത്തിലെ നിലവിലുള്ള വാക്സിൻ സ്റ്റോക്ക് കൂടി പരിഗണിച്ചിട്ടാണ്. മലപ്പുറം ജില്ലയിലേയ്ക്ക് |

| | | | |
|---|---|---|---|
| | | | ആദ്യഘട്ടങ്ങളിൽ ജനുവരി 2021 മാസത്തിൽ 53870 ഓളം വാക്സിൻ അനുവദിച്ച് കിട്ടിയിരുന്നെങ്കിലും അന്ന് 9403 എണ്ണം വാക്സിൻ (17 %) മാത്രമേ ഉപയോഗപ്പെടുത്താൻ സാധിച്ചിട്ടുള്ളൂ. എന്നാൽ ഈ സ്ഥിതി മാറുകയും വാക്സിൻ കൂടുതലായി അനുവദിക്കുകയും മറ്റു ജില്ലകളെ പോലെ കൂടുതൽ പേർക്ക് വാക്സിനേഷൻ നൽകി വരികയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

# വാക്സിനേഷൻ നൽകിയത് (03-06-2021)

വിവിധ ജില്ലകളിൽ കോവിഡ് വാക്സിനേഷൻ നൽകിയ കണക്ക് താഴെ നൽകിയിരിക്കുന്നു

| ജില്ല | 1 dose | Full vaccination | ആകെ | % First dose | % Full vaccination |
|---|---|---|---|---|---|
| തിരുവനന്തപുരം | 898583 | 276035 | 1174618 | 27.22 | 8.36 |
| കൊല്ലം | 593593 | 176173 | 769766 | 22.52 | 6.68 |
| പത്തനംതിട്ട | 438597 | 138415 | 577012 | 36.63 | 11.56 |
| ആലപ്പുഴ | 519552 | 144122 | 663674 | 24.42 | 6.77 |
| കോട്ടയം | 502000 | 128549 | 630549 | 25.42 | 6.51 |
| ഇടുക്കി | 273160 | 64195 | 337355 | 24.63 | 5.79 |
| എറണാകുളം | 857772 | 228925 | 1086697 | 26.13 | 6.97 |
| തൃശ്ശൂർ | 710415 | 170465 | 880880 | 22.76 | 5.46 |
| പാലക്കാട് | 495587 | 147926 | 643513 | 17.64 | 5.26 |
| മലപ്പുറം | 607757 | 136648 | 744405 | 14.78 | 3.32 |
| കോഴിക്കോട് | 663049 | 182651 | 845700 | 21.48 | 5.92 |
| വയനാട് | 264150 | 83097 | 347247 | 32.32 | 10.17 |
| കണ്ണൂർ | 563534 | 155851 | 719385 | 22.34 | 6.18 |
| കാസർഗോഡ് | 331784 | 85983 | 417767 | 25.38 | 6.58 |